86-കാരിയുടെമസ്തിഷ്ക്ക ധമനി വീക്ക ശസ്ത്രക്രിയ വിജയകരം; വിപിഎസ് ലേക്ക്ഷോർ ആശുപത്രിയും ന്യൂറോടീമും ചരിത്രത്തിലേക്ക്

on: June 06, 2016 In: Latest, Trending

കൊച്ചി: പത്മാക്ഷിയമ്മയെന്ന 86-കാരിയുടെ മസ്തിഷ്ക്ക ധമനി വീക്ക ശസ്ത്രക്രിയ വിജയകരമായി നടത്തി വിപിഎസ് ലേക്ക്ഷോർ ആശുപത്രിയും ന്യൂറോസർജറി ടീമും ചരിത്രത്തിലേക്ക്. ഈ സങ്കീർണമായ ശസ്ത്രക്രിയയ്ക്ക് വിധേയയായി സുഖം പ്രാപിച്ച ഏറ്റവും പ്രായമുള്ള വ്യക്തിയാണ് പത്മാക്ഷിയമ്മ. ഇതിനു മുൻപ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള (ജാപ്പനീസ് ന്യൂറോസർജറി ജേർണലിൽ) ഏറ്റവും പ്രായം കൂടിയ രോഗിക്ക് 84 വയസായിരുന്നു.

പെട്ടെന്നുണ്ടായ കഠിനമായ തലവേദനയും പെരുമാറ്റത്തിലെ വ്യതിയാനവും മൂലം അത്യാസന്ന നിലയിലാണ് ചേർത്തല തുപ്പാറ്റകളം പത്മനിവാസിൽ പത്മാക്ഷിയമ്മയെ കഴിഞ്ഞ ഏപ്രിൽ 21-ന് വിപിഎസ് ലേക്ക്ഷോർ ആശുപത്രി അത്യാഹിത വിഭാഗത്തിൽ എത്തിച്ചത്. സിടി സ്കാൻ – ആൻജിയോഗ്രഫി പരിശോധനകളിൽ തലച്ചോറിൽ ധമനിവീക്കത്തെ തുടർന്നുണ്ടായ ഗുരുതരമായ രക്തസ്രാവം കണ്ടെത്തി. പ്രായാധിക്യത്തിന്റെ പുറമേ പത്മാക്ഷിയമ്മയ്ക്ക് ഹൃദയ-ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ സ്ഥിതി കൂടുതൽ സങ്കീർണമായിരുന്നു. എന്നിട്ടും ബന്ധുക്കൾ ഈ അതിസങ്കീർണവും വിജയസാധ്യത കുറഞ്ഞതുമായ ശസ്ത്രക്രിയ നടത്താൻ സധൈര്യം സമ്മതം അറിയിക്കുകയായിരുന്നു.

ന്യൂറോസർജന്മാരായ ഡോ. പൃഥ്വി വർഗീസ്, ഡോ. അരുൺ ഉമ്മൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ എട്ടുമണിക്കൂർ നീണ്ട വിജയകരമായ ശസ്ത്രക്രിയയ്ക്കുശേഷം ഒരു മാസം കൊണ്ട് അവർ പൂർണ ആരോഗ്യം വീണ്ടെടുക്കുകയും സ്കാനിംഗിലൂടെ ഇക്കാര്യം സ്ഥിതീകരിക്കുകയും ചെയ്തു.

ന്യൂറോസർജറി വിഭാഗത്തിന്റെ പുറമേ അത്യാഹിത വിഭാഗം, ന്യൂറോളജി, കാർഡിയോളജി, പൾമനോളജി, റേഡിയോളജി എന്നീ വിഭാഗങ്ങളിലെ വിദഗ്ദ്ധരുടെ ഏകോപിത പ്രവർത്തനമാണ് ശസ്ത്രക്രിയ വിജയകരമാക്കിയതെന്ന് വിപിഎസ് ലേക്ക്ഷോർ ചീഫ് ഓഫ് സ്റ്റാഫും അത്യാഹിതവിഭാഗം മേധാവിയുമായ ഡോ. മോഹൻ മാത്യു അറിയിച്ചു.

മസ്തിഷ്ക്ക ധമനി വീക്ക രക്തസ്രാവം സാധാരണ മധ്യവയസ്കരിലാണ് കണ്ടുവരുന്നത്. 65 വയസിനു മുകളിലുള്ളവരിൽ ഇത് അപൂർവവും 75 വയസിനു മുകളിൽ അത്യപൂർവവുമാണ്. ഇതിന്റെ മരണനിരക്ക് ചെറുപ്പക്കാരിൽ പോലും 40% വരും.

Rarest surgery on 86-year-old

Padmakshy Amma's miraculous recovery is a golden moment for VPS Lakeshore as this is one of the rarest surgeries conducted on an old person worldwide

In a rare case, a specialist team led by Dr Arun Oommen conducted a high-risk intracranial surgery on an 86-year old women at VPS Lakeshore hospital in Kochi. When Padmakshy Amma was brought to the hospital in a critical state with extensive bleeding within the brain, following rupture of an abnormal blood vessel (Aneurysm), no one had expected that she would survive.

Hospital authorities say that the risk involved was high since the aging patient was also subject to cardiac problem and respiratory problem. However, her relatives consented to take the bold step.

The surgery took eight hours. After a month-long treatment, Padmakshy Amma gradually made a steady recovery. Padmakshy Amma's miraculous recovery is a golden moment for VPS Lakeshore as this is one of the rarest surgeries conducted on an old person worldwide. A similar case was reported in the past when a Japanese Journal of neurosurgery reported a surgery on an 84 year old man.